# 6. സാമൂഹ്യസുരക്ഷാ പെൻഷൻ

## 6. 1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ

| | | |
|---|---|---|
| 1 | അപേക്ഷ നൽകേണ്ടത് | പാലക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് (കെ.സ്മാർട്ട് മുഖേന) |
| 2 | തീരുമാനമെടുക്കുന്നതിനുള്ള സമയപരിധി | 40 ദിവസം (ജി.ഒ.(പി))105 / 2002 / തസ്വഭവ തീയതി 25-6-2002 |
| 3 | ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | പാലക്കുഴ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി |
| 4 | അപ്‌ലോഡ് ചെയ്യേണ്ട രേഖകൾ | 1. പ്രായം തെളിയിക്കുന്നതിന് സ്കൂൾ രേഖ, ജനനസർട്ടിഫിക്കറ്റ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ് എന്നിവയിൽ ഏതെങ്കിലും ഒന്ന്.<br>2. സ്ഥിരതാമസം തെളിയിക്കുന്നതിന് റേഷൻകാർഡിന്റെ അല്ലെങ്കിൽ മേൽവിലാസം കാണിക്കുന്ന മറ്റ് ഏതെങ്കിലും രേഖ<br>3 വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് (ജി.ഒ.(എം.എസ്.) 97/2020/ധനതീയതി 23/09/2020)<br>4. ആധാർ |
| 5 | അർഹതാ മാനദണ്ഡം | 1. കുടുംബ വാർഷിക വരുമാന പരിധി 1,00,000 രൂപ<br>2. അറുപത് വയസ്സ് പൂർത്തിയാവണം<br>3. കേരള സംസ്ഥാനത്ത് മൂന്നുവർഷമെങ്കിലും സ്ഥിര താമസമുണ്ടായിരിക്കണം (ജി.ഒ.(പി) 47/95/സ.ക്ഷേ.വ തീയതി 13.12.95)<br>4 അപേക്ഷകൻ സർവ്വീസ് പെൻഷണർ / കുടുംബ പെൻഷണർ ആകരുത്<br>5 അപേക്ഷകൻ ആദായ നികുതി നൽകുന്ന വ്യക്തിയാകരുത്<br>6 അപേക്ഷകന്റെ പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത് (പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ബാധകമല്ല)<br>7 അംബാസിഡർ കാർ ഒഴികെ 1000 സി.സി യിൽ കൂടുതൽ എൻജിൻ കപ്പാസിറ്റിയുള്ള ടാക്സി അല്ലാതെയുള്ള നാലോ അതിൽ അധികമോ ചക്രമുള്ള വാഹനങ്ങൾ വാഹനങ്ങൾ കുടുംബത്തിലുള്ളവരോ ആകരുത് |
| 6 | അന്വേഷണ ഉദ്യോഗസ്ഥ(ൻ) | എക്സ്റ്റൻഷൻ ഓഫീസർ |
| 7 | തീരുമാനം എടുക്കേണ്ടത് | പാലക്കുഴ ഗ്രാമപഞ്ചായത്ത് |
| 8 | അപ്പീൽ അധികാരി | ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്) എറണാകുളം |

## 6. 2. വിധവാ പെൻഷൻ

| | | |
|---|---|---|
| 1 | അപേക്ഷ നൽകേണ്ടത് | പാലക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് (കെ.സ്മാർട്ട് മുഖേന) |
| 2 | സമയപരിധി | 40 ദിവസം (ജി.ഒ.(പി))105 / 2002 / തസ്വഭവ തീയതി 25-6-2002 |
| 3 | ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | പാലക്കുഴ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി |
| 4 | അപ്‌ലോഡ് ചെയ്യേണ്ട രേഖകൾ | 1. വിധവ ആണെങ്കിൽ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്<br>2. ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും പുനർവിവാഹിതയായിട്ടില്ലാത്തവരുമായ 50 വയസ്സ് കഴിഞ്ഞ സ്ത്രീകൾ, 7 വർഷത്തിലധികമായി ഭർത്താവിനെ കാണാനില്ലാത്ത സ്ത്രീകൾ എന്നിവരുടെ കാര്യത്തിൽ അത് സംബന്ധിച്ച വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം. [ജി.ഒ.(എം.എസ്)97/2020/ധന തീയതി 23-9-2020)]<br>3. അപേക്ഷ നൽകുന്ന സമയത്ത് അപേക്ഷക ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസമാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ (റേഷൻകാർഡ് / മേൽവിലാസം തെളിയിക്കുന്ന മറ്റ് രേഖകളുടെ പകർപ്പുകൾ)<br>4 വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് (ജി.ഒ.(എം.എസ്.) 97/2020/ധനതീയതി 23/09/2020) |
| 5 | അർഹതാ മാനദണ്ഡം | 1. കുടുംബ വാർഷിക വരുമാന പരിധി 1,00,000 രൂപ<br>2. കേരള സംസ്ഥാനത്ത് മൂന്നുവർഷമെങ്കിലും സ്ഥിര താമസമുണ്ടായിരിക്കണം (ജി.ഒ.(പി) 47/95/സ.ക്ഷേ.വ തീയതി 13.12.95)<br>3. അപേക്ഷകൻ സർവ്വീസ് പെൻഷണർ / കുടുംബ പെൻഷണർ ആകരുത്<br>4. അപേക്ഷകൻ ആദായ നികുതി നൽകുന്ന വ്യക്തിയാകരുത്<br>5. അപേക്ഷകന്റെ പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത് (പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ബാധകമല്ല)<br>6. അംബാസിഡർ കാർ ഒഴികെ 1000 സി.സി യിൽ കൂടുതൽ എൻജിൻ കപ്പാസിറ്റിയുള്ള ടാക്സി അല്ലാതെയുള്ള നാലോ അതിൽ അധികമോ ചക്രമുള്ള വാഹനങ്ങൾ വാഹനങ്ങൾ കുടുംബത്തിലുള്ളവരോ ആകരുത് |
| 6 | അന്വേഷണ ഉദ്യോഗസ്ഥ(ൻ) | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 7 | തീരുമാനം എടുക്കേണ്ടത് | പാലക്കുഴ ഗ്രാമപഞ്ചായത്ത് |
| 8 | അപ്പീൽ അധികാരി | ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്) എറണാകുളം |

## 6. 3 ഭിന്നശേഷി വിഭാഗക്കാർക്കുള്ള പെൻഷൻ

(അംഗവൈകല്യം സംഭവിച്ചവർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ)

| | | |
|---|---|---|
| 1 | അപേക്ഷ നൽകേണ്ടത് | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് (കെ.സ്മാർട്ട് മുഖേന) |
| 2 | സമയപരിധി | 40 ദിവസം [ജി.ഒ.(പി))105 / 2002 / തസ്വഭവ തീയതി 25-6-2002] |
| 3 | ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി |
| 4 | അപ്‌ലോഡ് ചെയ്യേണ്ട രേഖകൾ | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ<br>2. സ്ഥിരതാമസം തെളിയിക്കുന്ന ഒരു രേഖ (റേഷൻ കാർഡ / മേൽവിലാസം കാണിക്കുന്ന മറ്റ് രേഖകളുടെ പകർപ്പുകൾ)<br>3 ഭിന്നശേഷി തെളിയിക്കുന്നതിന് ബന്ധപ്പെട്ട അധികാരിയിൽ നിന്നുള്ള 2017 ലെ The Rights of Persons with Disabilities Rules അനുസരിച്ചുള്ള (ഫോറം - V, VI, VII എന്നിവയിൽ മെഡിക്കൽ സർട്ടിഫിക്കറ്റ്<br>4 വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് ജി.ഒ.(എം.എസ്.) 97/2020/ധനതീയതി 23/09/2020)<br>5. ആധാർ കാർഡിന്റെ പകർപ്പ് |
| 5 | അർഹതാ മാനദണ്ഡം | 1. കുടുംബ വാർഷിക വരുമാന പരിധി 1,00,000 രൂപ<br>2. പ്രായപരിധിയില്ല<br>3. അപേക്ഷകൻ സർവ്വീസ് പെൻഷണർ / കുടുംബ പെൻഷണർ ആകരുത്<br>4 അപേക്ഷകൻ ആദായ നികുതി നൽകുന്ന വ്യക്തിയാകരുത്<br>5. അപേക്ഷകന്റെയോ കുടുംബത്തിന്റെയോ പേരിൽ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത് (പട്ടിക വർഗ്ഗ വിഭാഗത്തിന് ബാധകമല്ല)<br>6. 2000 ച. അടിയിൽ കുടുതൽ വിസ്തീർണ്ണമുള്ള ആധുനിക രീതിയിൽ ഫ്ളോറിംഗ് നടത്തിയിട്ടുള്ളതും മേൽക്കൂര കോൺക്രീറ്റ് ചെയ്തതുമായ വീടുകളിൽ താമസിക്കുന്നവരോ അംബാസിഡർ കാർ ഒഴികെ 1000 സി.സി.യിൽ കൂടുതൽ എൻജിൻ കപ്പാസിറ്റിയുള്ള ടാക്സി അല്ലാതെയുള്ള വാഹനങ്ങൾ കുടുംബത്തിലുള്ളവരോ ആകരുത്. |
| 6 | അന്വേഷണ ഉദ്യോഗസ്ഥ(ൻ) | ഹെൽത്ത് ഇൻസ്പെക്ടർ |
| 7 | തീരുമാനം എടുക്കേണ്ടത് | പാലക്കുഴ ഗ്രാമപഞ്ചായത്ത് |
| 8 | അപ്പീൽ അധികാരി | ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്) എറണാകുളം |

## 6.4. 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ

| | | |
|---|---|---|
| 1 | അപേക്ഷ നൽകേണ്ടത് | പാലക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് (കെ.സ്മാർട്ട് മുഖേന) |
| 2 | സമയപരിധി | 40 ദിവസം [ജി.ഒ.(പി)) 105 / 2002 / തസ്വഭവ തീയതി 25-6-2002] |
| 3 | ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | പാലക്കുഴ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി |
| 4 | അപ്ലോഡ് ചെയ്യേണ്ട രേഖകൾ | 1. അവിവാഹിതയാണെന്നും വരുമാനവും പ്രായവും തെളിയിക്കുന്നതുമായ വില്ലേജ് ഓഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റ് - മാതൃക അനുബന്ധം 1 കാണുക. [ജി.ഒ.(എം.എസ്.) 197/ 2001/ സാ. ക്ഷേ.വ. തീയതി 21-07-2001]<br>2 ആധാർകാർഡ് |
| 5 | അർഹതാ മാനദണ്ഡം | 1. കുടുംബ വാർഷിക വരുമാന പരിധി 1,00,000 രൂപ<br>2. 50 വയസ്സ് പൂർത്തിയാവണം<br>3. കേരള സംസ്ഥാനത്ത് സ്ഥിരതാമസമുണ്ടായിരിക്കണം [G.O.(Rt.) നം. 14/2001/ സാ.ക്ഷേ.വ.തീയതി 31.03.2001)<br>4. അപേക്ഷകൻ സർവ്വീസ് പെൻഷണർ / കുടുംബ പെൻഷണർ ആകരുത്<br>5. അപേക്ഷക ആദായ നികുതി നൽകുന്ന വ്യക്തിയാകരുത്<br>6. അപേക്ഷകയുടെ പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ ഭൂമി ഉണ്ടാകരുത് (പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് ബാധകമല്ല)<br>7. 2000 ച. അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള ആധുനിക രീതിയിൽ ഫ്ളോറിംഗ് നടത്തിയിട്ടുള്ളതും മേൽക്കൂര കോൺക്രീറ്റ് ചെയ്തതുമായ വീടുകളിൽ താമസിക്കുന്നവർ ആകരുത്<br>8. അംബാസിഡർ കാർ ഒഴികെ 1000 സി.സി.യിൽ കൂടുതൽ എന്ജിൻ കപ്പാസിറ്റിയുള്ള ടാക്സി അല്ലാതെയുള്ള വാഹനങ്ങൾ കുടുംബത്തിലുള്ളവരോ ആകരുത്.<br>9. താമസിക്കുന്ന വീട്ടിൽ എയർ കണ്ടീഷണർ ഉള്ളവരാകരുത് |
| 6 | അന്വേഷണ ഉദ്യോഗസ്ഥ(ൻ) | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 7 | തീരുമാനം എടുക്കേണ്ടത് | പാലക്കുഴ ഗ്രാമപഞ്ചായത്ത് |
| 8 | അപ്പീൽ അധികാരി | ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്) എറണാകുളം |

## 6. 5. കർഷകത്തൊഴിലാളി പെൻഷൻ

| | | |
|---|---|---|
| 1 | അപേക്ഷ നൽകേണ്ടത് | പാലക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് (കെ.സ്മാർട്ട് മുഖേന) |
| 2 | സമയപരിധി | 45 ദിവസം [ജി.ഒ.(പി)) 18/98/ തൊഴിൽ തീയതി 16.4.98 |
| 3 | ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | പാലക്കുഴ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി |
| 4 | അപ്‌ലോഡ് ചെയ്യേണ്ട രേഖകൾ | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ<br>2. കർഷകതൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള വിടുതൽ സാക്ഷ്യപത്രം<br>3. പ്രായം തെളിയിക്കുന്നതിന് സ്കൂൾ രേഖകളോ, ജനനസർട്ടിഫിക്കറ്റോ, ഡ്രൈവിംഗ് ലൈസൻസോ പാസ്പോർട്ടിന്റെ കോപ്പിയോ ഹാജരാക്കണം.<br>4. സ്ഥിരതാമസമാണെന്ന് തെളിയിക്കുന്ന രേഖ (റേഷൻ കാർഡ് മുതലായവ)<br>5. വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാനസർട്ടിഫിക്കറ്റ്<br>6. താൻ ആദായനികുതിദായകനല്ല, സർവ്വീസ് പെൻഷണർ അല്ല, തനിക്കും കുടുംബത്തിനും രണ്ടേക്കറിൽ കൂടുതൽ ഭൂമിയില്ല (പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ബാധകമല്ല) എന്നുള്ള സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു പ്രസ്താവന<br>7. ആധാർ കാർഡ് |
| 5 | അർഹതാ മാനദണ്ഡം | 1. കുടുംബ വാർഷിക വരുമാന പരിധി 1,00,000 രൂപയിൽ കവിയാൻ പാടില്ല<br>2. 60 വയസ്സ് പൂർത്തിയായിരിക്കണം<br>3 കർഷകതൊഴിലാളി ക്ഷേമനിധി അംഗത്വത്തിൽ നിന്നും വിടുതൽ ചെയ്തവർ ആയിരിക്കണം.<br>4. അപേക്ഷിക്കുന്നതിന് തൊട്ടുമുമ്പ് തുടർച്ചയായി 10 വർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസമാണെന്ന് തെളിയിക്കുന്ന രേഖ<br>5. 2000 ച.അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ളതും ആധുനിക രീതിയിൽ ഫ്ളോറിംഗ് നടത്തിയിട്ടുള്ളതും കോൺക്രീറ്റ് ചെയ്തതുമായ വീടുകളിൽ താമസിക്കുന്നവരോ അംബാസിഡർ കാർ ഒഴികെ 1000 സി.സി.യിൽ കൂടുതൽ എന്ജിൻ കപ്പാസിറ്റിയുള്ള ടാക്സി അല്ലാതെയുള്ള വാഹനങ്ങൾ കുടുംബത്തിലുള്ളവരോ |
| 6 | അന്വേഷണ ഉദ്യോഗസ്ഥ(ൻ) | കൃഷി അസിസ്റ്റന്റ് |
| 7 | തീരുമാനം എടുക്കുന്നതിനുള്ള അധികാര സ്ഥാനം | പാലക്കുഴ പഞ്ചായത്ത് |
| 8 | അപ്പീൽ അധികാരി | ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്) എറണാകുളം |
| 9 | റിവിഷൻ അതോറിറ്റി | സർക്കാർ |

## 6.6. കന്യാസ്ത്രീകൾ / സന്യാസിനിമാർക്കുള്ള പ്രത്യേക സാമൂഹ്യസുരക്ഷാ പെൻഷൻ

(സർക്കാർ ഉത്തരവ് 73/ 2026/ Lsgd /തീയതി 06-03-2026 പ്രകാരം)

| | | |
|---|---|---|
| 1 | അപേക്ഷ നൽകേണ്ടത് | പാലക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് (കെ.സ്മാർട്ട് മുഖേന) |
| 2 | പദ്ധതിയുടെ പ്രതിമാസ ആനുകൂല്യം | 2000 രൂപ |
| 3 | അർഹതാ മാനദണ്ഡം | 1. അപേക്ഷകർ വിവിധ മതസ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മന്ദിരങ്ങൾ മഠങ്ങൾ, കോൺവെന്റ്കൾ, ആശ്രമങ്ങൾ, മതസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സന്യസ്ത / ആശ്രമജീവിതം നയിക്കുന്നവരായിരിക്കണം.<br>2 അപേക്ഷകർ അപേക്ഷ സമയത്ത് 50 വയസ്സ് പൂർത്തിയായവരും അവിവിവാഹിതരും ആയിരിക്കണം.<br>3. അപേക്ഷകർ കേരളസംസ്ഥാനത്തോട് സ്ഥിരതാമസക്കാരായിരിക്കണം. |
| 4. | ഹാജരാക്കേണ്ട രേഖകൾ | 1. അപേക്ഷകന്റെ ആധാർ, അപേക്ഷകന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ട് വിവരങ്ങൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം.<br>2. പ്രായം തെളിയിക്കുന്ന രേഖ (ജനനസർട്ടിഫിക്കറ്റ്, പാസ്പോർട്ട്, സ്കൂൾ രേഖ എന്നിവ ഉപയോഗിക്കാം) ഇവയുടെ അഭാവത്തിൽ മാത്രം വയസ്സ് തെളിയിക്കുന്ന മറ്റ് രേഖകൾ ഒന്നും ലഭ്യമല്ല എന്നുള്ള സ്വയംസാക്ഷ്യപത്രത്തിന്മേൽ മാത്രം ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഉപയോഗിക്കാം.<br>3. അപേക്ഷകർ മതസ്ഥാപകരുടെ നിയന്ത്രണത്തിലുള്ള മന്ദിരങ്ങൾ, മഠങ്ങൾ, കോൺവെന്റുകൾ, ആശ്രമങ്ങൾ, മതവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ എന്നിവടങ്ങളിൽ താമസിക്കുന്നതായി മതസ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം<br>4. സന്യസ്തജീവിതം സ്വീകരിക്കുന്നതിനുമുമ്പും ശേഷവും പേരിൽ വ്യത്യാസമുണ്ടെങ്കിൽ (രേഖകളിൽ വരുന്നുണ്ടെങ്കിൽ 2 പേരുകളും ഉപയോഗിക്കുന്ന വ്യക്തി ഒരാൾ തന്നെ ആണെന്ന് മതസ്ഥാപനമേധാവിയുടെ പ്രസ്താവന കൂടി നൽകുന്ന സാക്ഷ്യപത്രത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്. |
| 5. | അനർഹർ | 1. സംസ്ഥാനത്ത് നിന്നും താമസം മാറിയാൽ നിലവിൽ കിട്ടികൊണ്ടിരിക്കുന്ന ആനുകൂല്യത്തിന് അർഹത നഷ്ടപ്പെടും.<br>2. അപേക്ഷകരുടെ പേരിൽ രണ്ടേക്കറിൽ കൂടുതൽ വസ്തുവോ 2000 സ്ക്വെയർഫീറ്റ് അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ളതും ആധുനികരീതിയിൽ സീലിംഗ് നടത്തിയിട്ടുള്ളതും, എ.സി. ഉള്ളതും കോൺക്രീറ്റ് ചെയ്തതുമായ കെട്ടിടങ്ങളോ ഉണ്ടാകാൻ പാടുള്ളതല്ല.<br>3. അപേക്ഷകർ 1000 സി സി യിൽ എൻജിൻ കപ്പാസിറ്റിയുള്ള ടാക്സി അല്ലാത്ത നാലോ അതിലധികമോ ചക്രങ്ങളുള്ള വാഹനങ്ങൾ സ്വന്തമായി ഉള്ള വ്യക്തികൾ ആവരുത്.<br>4. അപേക്ഷകർ കേന്ദ്ര / സംസ്ഥാന സർക്കാരുകൾ പൊതുമേഖലാ സ്ഥാപനങ്ങൾ സർവ്വകലാശാലകൾ / മറ്റ് സ്വയംഭരണ / ഗ്രാന്റ് ഇൻഎയ്ഡഡ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ശമ്പളം / സർവ്വീസ് പെൻഷൻ എന്നിവ ലഭിക്കാത്തവരോ, സർക്കാരിന്റെ സാമൂഹ്യസുരക്ഷാ പെൻഷനുകൾ, ക്ഷേമനിധി ബോർഡ് പെൻഷനുകൾ എന്നിവ ലഭിക്കുന്നവരോ ആവരുത് (എന്നാൽ പ്രതിമാസം 4000 രൂപയിൽ കുറവ് EPF / NPS, ആശ്രയ പെൻഷൻ ലഭിക്കുന്ന അപേക്ഷകർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. |

# 7. ധനസഹായം

## 7.1 സ്ത്രീ സുരക്ഷാ പദ്ധതി

(01.11.2025 ലെ സ.ഉ.(P)138/2025 / ധന നമ്പർ ഉത്തരവ്, 10-11-2025 ലെ സ.ഉ. (P)142/2025 ധന നമ്പർ ഉത്തരവ്

| | | |
|---|---|---|
| 1 | അപേക്ഷ നൽകേണ്ടത് | പാലക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് (കെ.സ്മാർട്ട് മുഖേന) |
| 2 | പദ്ധതിയുടെ പ്രതിമാസ ആനുകൂല്യം | 1000 രൂപ |
| 3 | അർഹതാ മാനദണ്ഡം | 1. സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന സാമൂഹ്യക്ഷേമ പദ്ധതികളിൽ ഒന്നിലും ഉൾപ്പെടാത്തവർ<br>2. 35 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ള ട്രാൻസ് വുമൺ അടക്കമുള്ള സ്ത്രീകൾ<br>3. അന്ത്യോദയ അന്നയോജനയിലും (AAY മഞ്ഞ റേഷൻകാർഡ്), മുൻഗണന വിഭാഗങ്ങളിലും (PHH പിങ്ക് റേഷൻകാർഡ്) ഉൾപ്പെട്ട സ്ത്രീകൾക്ക് മാത്രം<br>4. സംസ്ഥാനത്ത് സ്ഥിര താമസമുള്ളവരായിരിക്കണം. |
| 4. | ഹാജരാക്കേണ്ട രേഖകൾ | 1. പ്രായം തെളിയിക്കുന്നതിനുള്ള രേഖ (ജനന സർട്ടിഫിക്കറ്റ് / സ്കൂൾ സർട്ടിഫിക്കറ്റ് / ഡ്രൈവിംഗ് ലൈസൻസ് / പാസ് പോർട്ട് ഇവയുടെ അഭാവത്തിൽ മാത്രം വയസ് തെളിയിക്കുന്നതിന് മറ്റ് രേഖകളൊന്നും ലഭ്യമല്ല എന്നുള്ള സ്വയംസാക്ഷ്യപത്രത്തിന്മേൽ ഒരു ഡോക്ടറുടെ സർട്ടിഫിക്കറ്റ്<br>2. റേഷൻകാർഡിന്റെ പകർപ്പ്<br>3. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ<br>4. ആധാർ വിവരങ്ങൾ |
| 5. | അനർഹർ | 1. പ്രായപരിധി കടക്കുന്ന ദിവസം മുതൽ ആനുകൂല്യത്തിന് അർഹതയില്ല<br>2. സംസ്ഥാനത്ത് നിന്നും താമസം മാറിയാൽ നിലവിൽ കിട്ടി കൊണ്ടിരിക്കുന്ന ആനുകൂല്യത്തിന് അർഹത നഷ്ടപ്പെടും<br>3. നിലവിലുള്ള റേഷൻ കാർഡിൽ മാറ്റം വന്നാൽ നീല, വെള്ള കാർഡുമായുകളായി തരം മാറ്റപ്പെടുന്നപക്ഷം<br>4. കേന്ദ്ര സംസ്ഥാന സർക്കാർ സർവ്വീസ്, പൊതുമേഖലാ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവയിൽ സ്ഥിരം കരാർ നിയമനം ലഭിക്കുന്നവർ<br>5. ജയിലിൽ അടയ്ക്കപ്പെടുന്നവർ (റിമാൻഡ്, കാലയളവിലുൾപ്പെടെ)<br>6. സാമൂഹ്യസുരക്ഷാ പെൻഷൻ, സർവ്വീസ് പെൻഷൻ / കുടുംബ പെൻഷൻ, ക്ഷേമനിധി പെൻഷൻ, ഇ.പി.എഫ് പെൻഷൻ മുതലായവ ലഭിക്കുന്നവർ |

## 7. 2. തൊഴിൽ രഹിത വേതനം

| | | |
|---|---|---|
| 1 | അപേക്ഷ നൽകേണ്ടത് | പാലക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് (കെ.സ്മാർട്ട് മുഖേന) |
| 2 | സമയപരിധി | 45 ദിവസം [(ജി.ഒ.(പി))123/ 98/ തൊഴിൽ തീയതി 28.5.98] |
| 3 | ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | പാലക്കുഴ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി |
| 4. | ഹാജരാക്കേണ്ട രേഖകൾ | 1. എസ്.എസ്.എൽ.സി.ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>2. എംപ്ലോയ്മെൻ്റ് രജിസ്ട്രേഷൻ കാർഡിന്റെ പകർപ്പ്<br>3. പഞ്ചായത്തിൽ സ്ഥിരതാമസമാണെന്ന് രേേഖ (റേഷൻ കാർഡ് മുതലായവ)<br>4. ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ - ആധാർകാർഡ് ഹാജരാക്കുന്നപക്ഷം മറ്റ് തിരിച്ചറിയൽ രേഖകൾ ആവശ്യമില്ല<br>5. ഭിന്നശേഷി സർട്ടിഫിക്കറ്റ് പകർപ്പ് (ബാധകമായവർക്ക് മാത്രം)<br>6. ട്രാൻസ്ഫർ സർട്ടിഫിക്കറ്റിന്റഎ പകർപ്പ് (ഒറിജിനൽ പരിശോധനയ്ക്ക് ഹാജരാക്കണം) |
| 5. | അർഹതാ മാനദണ്ഡം | 1. എസ്.എസ്.എൽ.സി. പാസായിരിക്കണം. (പട്ടികജാതി / പട്ടികവർഗ്ഗ / ഭിന്നശേഷിക്കാർ എന്നീ വിഭാഗക്കാർക്ക് സ്കൂളിൽ പഠിച്ച്,എസ്.എസ്, എൽ.സി. പരീക്ഷയ്ക്ക് ഹാജരായാലും പരിഗണിക്കാം)<br>2. കുടുംബവാർഷിക വരുമാന പരിധി 12,000/- രൂപയും വ്യക്തിഗത വരുമാനം പ്രതിമാസം 100 രൂപയിലും അധികരിക്കരുത്<br>3. പ്രായം 18 നും 35 നും മദ്ധ്യേ<br>4. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ - 18 വയസ്സിന് ശേഷം തുടർച്ചയായി, ഭിന്നശേഷിക്കാർക്ക് / പട്ടികജാതിക്കാർക്ക് / പട്ടികവർഗ്ഗക്കാർക്ക് 2 വർഷവും മറ്റുള്ളവർക്ക് 3 വർഷവും സീനിയോറിറ്റി വേണം<br>5. യഥാസമയം പുതുക്കാത്തതിനാൽ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്ന സാഹചര്യത്തിൽ പുനർ രജിസ്ട്രേഷൻ കഴിഞ്ഞ് 3 വർഷം പൂർത്തീകരിച്ചിരിക്കണം. |
| 6 | അന്വേഷണ ഉദ്യോഗസ്ഥർ | പാലക്കുഴ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി |
| 7 | തീരുമാനം എടുക്കുന്നതിനുള്ള അധികാര സ്ഥാനം | പാലക്കുഴ ഗ്രാമപഞ്ചായത്ത് |
| 8 | അപ്പീൽ അധികാരി | ജില്ലാ കളക്ടർ |
| 9 | റിവിഷൻ | സർക്കാർ |

## 7.3 സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം

| | | |
|---|---|---|
| 1 | അപേക്ഷ നൽകേണ്ടത് | പാലക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് (കെ.സ്മാർട്ട് മുഖേന) |
| 2 | സമയപരിധി | ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടത് അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം (14-7-2008 ലെ 25918 / ഡി.ബി.2/2008 തസ്വഭവ നമ്പർ സർക്കുലർ |
| 3 | ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | പാലക്കുഴ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി |
| 4. | ഹാജരാക്കേണ്ട രേഖകൾ | 1. അപേക്ഷക വിധവയാണെന്ന് തെളിയിക്കുന്ന രേഖ (ബാധകമായ സംഗതികളിൽ)<br>2. വിവാഹിതയാകുന്ന പെൺകുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്<br>3. വിവാഹം നിശ്ചയിച്ചത് സംബന്ധിച്ച പ്രതിശുത്ര വരന്റെ സത്യവാങ്മൂലം<br>4. വിവാഹിതയാകുന്ന പെൺകുട്ടി കേരളത്തിൽ സ്ഥിരതാമസക്കാരിയാണെന്ന രേഖ (3 വർഷം)<br>5. വിവാഹത്തിന് ഒരു മാസം മുമ്പ് അപേക്ഷിക്കാത്ത പക്ഷം കാലതാമസം ക്രമവൽക്കരിക്കാൻ അപേക്ഷ (പരമാവധി 3 വർഷം വരെ) |
| 5. | അർഹതാ മാനദണ്ഡം | 1. വിവാഹദിവസം പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയായിരിക്കണം.<br>2. കുടുംബവാർഷിക വരുമാനം 2,00,000 കവിയരുത്<br>3. വിവാഹിതയാകുന്ന പെൺകുട്ടി 3 വർഷം കേരളത്തിൽ സ്ഥിരതാമസക്കാരിയായിരിക്കണം<br>4. സ്വർണ്ണം ഉൾപ്പെടെയുള്ള ആകെ സമ്പത്ത് 50000 രൂപയിൽ കവിയരുത് (ജി.ഒ.(എം.എസ്) 76/2012 സാ.നീ.വ തീയതി 26.12.2012)<br>5. വിധവകളുടെ / 3 വർഷമായി വിവാഹമോചിതരായി കഴിയുന്ന സ്ത്രീകളുടെ പെൺമക്കൾ<br>6. ഭർത്താവ് ഉപേക്ഷിച്ചവരുടെ / ഭർത്താവിനെ കാണാതായി 7 വർഷം കഴിഞ്ഞവരുടെ പെൺമക്കൾ<br>7. അവിവാഹിതരായ സ്ത്രീകളുടെ പെൺമക്കൾക്കും വിവാഹധനസഹായം നൽകാം.<br>(സ.ഉ.(സാധ)2592/2015/തസ്വഭവ, 28.8.2015) |
| 6 | അന്വേഷണ ഉദ്യോഗസ്ഥർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 8 | അപ്പീൽ അധികാരി | ജില്ലാ കളക്ടർ |

# 8. കെട്ടിട നിർമ്മാണ പെർമിറ്റുകൾ

**8.1 കെട്ടിട നിർമ്മാണ പെർമിറ്റുകൾ പുതിയവയ്ക്കും ഉപയോഗമാറ്റത്തിനും ക്രമവൽക്കരണത്തിനും**

| | | |
|---|---|---|
| 1 | അപേക്ഷ നൽകേണ്ടത് | പാലക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് (കെ.സ്മാർട്ട് മുഖേന) |
| 2 | സമയപരിധി | 15 ദിവസം (ചട്ടം 12, 13) |
| 3 | ഉദ്യോഗസ്ഥൻ | പാലക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 3<br><br>4. | ഇ-ഫയലിംഗിലൂടെ നൽകേണ്ട രേഖകൾ<br><br>ഹാജരാക്കേണ്ട രേഖകൾ | 1. ചട്ടത്തിലെ അനുബന്ധം A1 ലുള്ള അപേക്ഷ<br>2. ഉടമസ്ഥാവകാശം തെളിയിക്കുന്ന പട്ടയത്തിന്റെ/ ആധാരത്തിന്റെ / കുറഞ്ഞത് 10 വർഷം കാലാവധിയുള്ള രജിസ്ട്രേഡ് പാട്ടകരാറിന്റെ പകർപ്പ്<br>3. കൈവശാവകാശ സർട്ടിഫിക്കറ്റ് (ഭൂമിയുടെ തരം രേഖപ്പെടുത്തിയിരിക്കണം)<br>4. ഭൂനികുതി അടച്ച രസീത്<br>5. ബിൽഡിംഗ് പ്ലാൻ, സൈറ്റ് പ്ലാൻ, കീമാപ്പ്<br>6. സർവ്വീസ് പ്ലാൻ, സേഫ്റ്റി പ്ലാൻ, പാർക്കിംഗ് പ്ലാൻ (ബാധകമാകുന്ന സംഗതിയിൽ)<br>7. ബിൽഡിംഗ് ലൈസൻസിയുടെ ലൈസൻസിന്റെ പകർപ്പ്<br>8. ചട്ടം 5(4) ലെ ടേബിൾ A പ്രകാരമുള്ള നിരാക്ഷേപ പത്രങ്ങൾ / അനുമതി (ബാധകമാകുന്ന സംഗതികളിൽ)<br>9. വസ്തുവുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങൾ |
| 5. | അപേക്ഷാ ഫീസ് / പെർമിറ്റ് ഫീസ് | 2019 ലെ പി.ബി.ആർ. ഷെഡ്യൂൾ<br>യഥാക്രമം 1, 11 പ്രകാരം |
| 6. | അന്വേഷണ ഉദ്യോഗസ്ഥൻ | സെക്രട്ടറി / സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ |
| 7. | അപ്പീൽ അധികാരി | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ |